# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 മാർച്ച് 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിരപ്രമേയം**

പ്രതിപക്ഷനേതാക്കളുടെ നിരാഹാരസമരത്തെത്തുടർന്ന് നിലനില്ക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം

**മി. സ്പീക്കർ**: സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ, ശ്രീ. കെ.പി. രാജേന്ദ്രൻ, ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നിവർ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിവരുന്ന അനിശ്ചിതകാല നിരാഹാര സമരം പത്താം ദിവസത്തിലേയ്ക്ക് കടന്നിരിക്കുന്നു. ഇവരുടെ ആരോഗ്യനില വളരെ മോശവും ജീവൻ തന്നെ അപകടപ്പെടുന്ന അത്യാസന്ന നിലയിലുമാണ്. ഇതേത്തുടർന്ന് നിരാഹാരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പ്രക്ഷോഭങ്ങൾ ഉയർന്നുവരികയും

സംസ്ഥാനത്തുടനീളം സംഘർഷാത്മകമായ അന്തരീക്ഷം നിലനില്ക്കുകയും ചെയ്യുന്നു. ഇതുമൂലമുണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, ബിനോയ് വിശ്വം, പി.സി. ജോർജ്, സി,.കെ. നാണു, എ.എ. അസീസ്, എ.സി. ഷൺമുഖദാസ്, വി.സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നല്കിയിട്ടുണ്ട്.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u>:** സഭ സമ്മേളിക്കുമ്പോൾ തന്നെ സഭയിലെ ബഹുമാന്യരായ ചില അംഗങ്ങൾ സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാരസമരം തുടരുന്നതിൽ ഗവൺമെന്റിന് അതിയായ ദു:ഖമുണ്ട്. നിരാഹാരസമരം തുടങ്ങാൻ കാരണമായി പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമായിട്ടുണ്ട്. മുത്തങ്ങയിൽ നടന്ന സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. ഒരു റിട്ടയേർഡ് ജഡ്ജിയെ അന്വേഷണ കമ്മീഷനായി നിയമിച്ച് അന്വേഷണം നടത്തുന്നതിനേക്കാൾ എത്രയോ നല്ലതാണ് ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിലെ ഏറ്റവും ബഹുമാന്യനായ മുൻ ചീഫ് ജസ്റ്റീസ് ഉൾപ്പെടുന്ന ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഈ പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കുന്നത്. അവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകാം. ഈ സാഹചര്യത്തിൽ പ്രതിപക്ഷനേതാവും ഉപനേതാവും മറ്റ് പ്രതിപക്ഷസുഹൃത്തുക്കളും മുൻകൈയെടുത്ത് സഹപ്രവർത്തകരെ നിരാഹാരം അവസാനിപ്പിക്കാൻ പ്രേരിപ്പിക്കണം. മുത്തങ്ങയിൽ നടന്ന സംഭവങ്ങളുടെ സത്യം മുഴുവൻ പുറത്തുകൊണ്ടുവരുന്നതിന് ഗവൺമെന്റ് എല്ലാ സഹകരണങ്ങളും ദേശീയ മനുഷ്യാവകാശ കമ്മീഷന് നൽകും. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>** : മുത്തങ്ങ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുക, ആദിവാസികൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത ഭൂമി ഉടൻ വിതരണം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് നിയമസഭ സമ്മേളിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ നിയമസഭാ കവാടത്തിൽ ശ്രീ. കെ. രാധാകൃഷ്ണൻ അഞ്ച് ദിവസം നിരാഹാരസമരം നടത്തി. അന്ന് സഭ താല്ക്കാലികമായി പിരിഞ്ഞു. തുടർന്ന് ഡോക്ടർ തോമസ് ഐസക് സെക്രട്ടേറിയറ്റ് പടിക്കൽ 9 ദിവസം നിരാഹാരസമരം കിടന്നു. അതിനുശേഷവും ഈ പ്രശ്നത്തിന് പരിഹാരം കാണാതെ വന്നപ്പോഴാണ് നാല് പ്രതിപക്ഷ നേതാക്കൾ നിരാഹാരസമരം ആരംഭിച്ചത്. ദിവസം കഴിയുന്തോറും നിരാഹാരസമരം അനുഷ്ഠിക്കുന്നവരുടെ ആരോഗ്യനില മോശമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ പ്രശ്നം കൂടിയാലോചിച്ച് പരിഹരിക്കേണ്ട ഉത്തരവാദിത്വം പ്രതിപക്ഷത്തിനല്ല:, ഗവൺമെന്റിനാണ്. ദിവസം കഴിയുംന്തോറും പുതിയപുതിയ വിവരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. മുപ്പതോളം സ്ത്രീകളെ മുത്തങ്ങയിലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഡോർമെട്രിയിൽ കൊണ്ടുപോയി ലൈംഗീകമായി പീഡിപ്പിച്ചുവെന്നും അറിവായിട്ടുണ്ട്.

................(ബഹളം)..................

മരണപ്പെട്ടവരുടെ അംഗസംഖ്യ കുറച്ചുകാണിക്കുന്നതിന് പോലീസ് വകുപ്പ് കാണിച്ച വ്യഗ്രതയിൽ ദുരൂഹതയുണ്ട്. മുത്തങ്ങയിൽ ഒരു ആദിവാസിയും ഒരു പോലീസുകാരനും ഉൾപ്പെടെ രണ്ടുപേരുടെ ജീവൻ നഷ്ടപ്പെട്ടു. ഈ സംഭവത്തെക്കുറിച്ച് നിഷ്പക്ഷമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. ദേശീയ മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് കിട്ടുകയില്ല; അതിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനില്ല. കമ്മീഷൻ

ഡി.ജി.പി.യോട് ആവശ്യപ്പെട്ട റിപ്പോർട്ട് ഇതുവരെ കൊടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പേരുപറഞ്ഞ് ജൂഡീഷ്യൽ അന്വേഷണം നടത്തുന്നതിൽനിന്ന് തടിതപ്പാനുള്ള ശ്രമമാണ് സംസ്ഥാന ഗവൺമെന്റ് നടത്തുന്നത്. ഗവൺമെന്റിന് ഈ സംഭവത്തിൽ എന്തോ മറച്ചുവയ്ക്കാനുണ്ട്. മുഖ്യമന്ത്രിക്ക് ആ സ്ഥാനത്ത് തുടരാൻ കഴിയാത്ത സ്ഥിതി ഉണ്ടാകുമെന്നുള്ള ഒറ്റ കാരണംകൊണ്ടാണ് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകാത്തത്. ഈ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് ജില്ലാ തലത്തിൽ സമരം നടക്കുകയാണ്. നാളെ മുതൽ സമരം പഞ്ചായത്ത് തലത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. സമൂഹത്തിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ആദിവാസികൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ച 5 ഏക്കർ ഭൂമി പതിച്ചുകൊടുക്കാനും പ്രതിപക്ഷവുമായി ചർച്ച നടത്താനും സഭാസ്തംഭനം ഒഴിവാക്കാനും സർക്കാർ മുൻകൈയെടുക്കണം. ആദിവാസി പ്രശ്നത്തിലെ നിജസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തി സെക്രട്ടേറിയറ്റിനുമുന്നിൽ നടന്നുവരുന്ന നിയമസഭാ സാമാജികരുടെ നിരാഹാര സമരം അവസാനിപ്പിക്കാനുള്ള അടിയന്തിര നടപടി സർക്കാർ സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)**: ആദിവാസികൾക്ക് ഭൂമി പതിച്ചു കൊടുക്കുമെന്ന് പറഞ്ഞതായുള്ള വാഗ്ദാന ലംഘനത്തിന് പരിഹാരമുണ്ടാക്കണമെന്നതാണ് സമരത്തിന്റെ പ്രധാന ആവശ്യമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അടിയന്തിരാവസ്ഥക്കാലത്ത് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ പ്രത്യേക താല്പര്യപ്രകാരമാണ് ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി വീണ്ടെടുത്തുകൊടുക്കാനുള്ള The Kerala Scheduled Tribes (Restriction on Transfer of Lands and Restoration of Alienated Lands) Act, 1975 എല്ലാ സംസ്ഥാന സർക്കാരുകളും പാസ്സാക്കിയത്. അതിനുശേഷം മാറിമാറി കേരളം ഭരിച്ച ഒരു സർക്കാരിനും ഈ നിയമം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണ കാലത്ത് ഈ നിയമം പുനഃപരിശോധിക്കാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമം നിയമസഭയിൽ കൊണ്ടുവരികയും രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയയ്ക്കുകയും ചെയ്തു. രാഷ്ട്രപതി അത് തിരിച്ചയച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരും ബന്ധപ്പെട്ടവരും രാഷ്ട്രപതി., പ്രധാനമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി എന്നിവരെ നേരിൽ കണ്ട് നേരത്തേയുള്ള നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും പുതിയ നിയമം അംഗീകരിക്കപ്പെട്ടുകഴിഞ്ഞ് രണ്ട് വർഷത്തിനുള്ളിൽ ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും അവരവരുടെ ജില്ലകളിൽ തന്നെ ഭൂമി നൽകാമെന്ന് ഉറപ്പ് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് രണ്ടാമത്തെ നിയമം കേന്ദ്രം അംഗീകരിച്ചത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ആ ഉറപ്പ് പാലിക്കാൻ സാധിച്ചിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയിൽ എത്ര ആദിവാസികൾ താമസിക്കുന്നുവെന്ന് പരിശോധി ക്കേണ്ടതാണ്. 2003 ഏപ്രിൽ മാസത്തോടുകൂടി 1600 ഏക്കർ ഭൂമി ആദിവാസികൾക്ക് സർക്കാർ വിതരണം ചെയ്യുന്നതാണ്. ഘട്ടംഘട്ടമായി ഭൂമി വിതരണം പൂർത്തിയാക്കുകയെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. പദ്ധതി പ്രദേശത്തെ ഭൂമിയും കഴിയുന്നത്ര പതിച്ചുകൊടുക്കാൻ ശ്രമിക്കുന്നതാണ്. നിബിഡ വനമൊഴികെയുള്ള 12000 ഹെക്ടർ ഭൂമി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുംകൂടി കിട്ടിക്കഴിഞ്ഞാൽ ആദിവാസി ഭൂമിവിതരണം സംബന്ധിച്ച പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. ഇത് ഇൻഡ്യയൊട്ടാകെയുള്ള പ്രശ്നമാണ്. ഈ പ്രശ്നം പരിഹരിക്കപ്പെടുവാൻ കേന്ദ്ര സർക്കരിനേയും വേണ്ടിവന്നാൽ സുപ്രീംകോടതിയേയും സമീപിക്കാൻ സർക്കാർ തയ്യാറാണ്. മുത്തങ്ങയിൽ ഉണ്ടായ അക്രമ സംഭവത്തെക്കുറിച്ച് അന്വേഷിക്കാനെത്തിയ സ്ത്രീകളുൾക്കൊള്ളുന്ന പ്രതിപക്ഷാംഗങ്ങളോടും സ്ഥലത്തെ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനോടും

പോലീസിനോടും എസ്.സി/എസ്.ടി കമ്മീഷനോടും പത്രക്കാരോടും പറയാത്ത ആദിവാസി സ്ത്രീപീഡനപ്രശ്നം ദിവസങ്ങൾക്കുശേഷം വന്നെത്തിയ മലയാള ഭാഷ അറിയാത്ത അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ സെക്രട്ടറി ശ്രീമതി വൃന്ദാ കാരാട്ടിനോട് പറഞ്ഞതിനെ ഉയർത്തിപ്പിടിച്ച് പ്രതിപക്ഷം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശരിയല്ല. പാർലമെന്റ് പാസ്സാക്കിയ പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടതാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. സുപ്രീം കോടതി റിട്ടയേർഡ് ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായും സുപ്രീം കോടതി റിട്ടയേർഡ് ജഡ്ജിയും പിന്നോക്ക സമുദായ കമ്മീഷൻ ചെയർമാൻമാരും അംഗങ്ങളായ ഈ സമിതിയെ ആർക്കും സ്വാധീനിക്കാൻ കഴിയുകയില്ല. കേരള ഗവൺമെന്റ് ജുഡിഷ്യൽ അന്വേഷണം നടത്താൻ ഉത്തരവിട്ട് രണ്ടോ മൂന്നോ വർഷങ്ങൾക്കുശേഷം റിപ്പോർട്ട് വരുമ്പോൾ ജനങ്ങൾ സംഭവംതന്നെ മറക്കുന്ന സാഹചര്യമാണുള്ളത്. മാത്രമല്ല, പ്രതിപക്ഷം മുത്തങ്ങ സംഭവം ദേശീയ-അന്തർദേശീയ സംഭവമായി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ അന്വേഷണം നടത്തി സത്യം എത്രയുംവേഗം പുറത്തുകൊണ്ടുവരുമെന്നുള്ള ഒരു പ്രതീക്ഷയുണ്ട്. അവരുടെ അഭിപ്രായം എന്താണെന്ന് അറിയാൻ ഗവൺമെന്റിനും ആഗ്രഹമുണ്ട്. മുത്തങ്ങ സംഭവത്തിന്റെ സത്യം എന്താണെന്ന് നാം മനസ്സിലാക്കണം. കാണാതെ പോയവരും മരിച്ചു എന്നു പറഞ്ഞവരും തിരിച്ചു വന്നുകൊണ്ടിരിക്കുന്നു. കീഴടങ്ങാനായി 14 ശവശരീരങ്ങളുമായി ആദിവാസികൾ കാട്ടിൽ കാത്തിരിക്കുന്നുവെന്ന് ആരോ തെറ്റിദ്ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷനേതാക്കന്മാർ ഉൾപ്പെടെയുള്ള ഒരു സംഘം അവിടെ പോയത്. സാധാരണ ജീവിതം നയിച്ചിരുന്ന ആദിവാസികളെ പോലീസ് വലിയ സന്നാഹത്തോടെ ചെന്ന് ആക്രമിച്ചതല്ല. ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു വന്യമൃഗസങ്കേതം കയ്യേറിയ ആദിവാസികളെ ഇറക്കിവിടണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടും പാവപ്പെട്ട ഭൂരഹിതരായ ആദിവാസികളെ ഇറക്കിവിടാൻ ഈ സർക്കാർ നടപടി സ്വീകരിച്ചില്ല; മറിച്ച് ഈ

കയ്യേറ്റക്കാരെ ഇറക്കിവിടാനായി മാർക്സിസ്റ്റ് പാർട്ടിയുടെ പ്രാദേശിക നേതാക്കന്മാർ ഉൾപ്പെടെയുള്ളവരുടെ ഒരു ആൾ പാർട്ടി ആക്ഷൻ കൗൺസിൽ രൂപീകരിക്കുകപോലും ചെയ്തു എന്ന വസ്തുത വിസ്മരിക്കരുത്. ബന്ദിനാടകമുണ്ടായ അവസരത്തിൽ ബന്ദികളെ മോചിപ്പിക്കാനും കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുംവേണ്ടി എത്തിയ പട്ടികജാതിക്കാരനായ വിനോദ് എന്ന പോലീസുകാരൻ ആക്രമിക്കപ്പെട്ട് രക്തം വാർന്ന് മരണത്തോട് മല്ലടിക്കുന്ന സന്ദർഭത്തിലാണ് പോലീസ് ആക്ഷനുണ്ടായത്. ആദിവാസി മരണപ്പെട്ടതിൽ സർക്കാരിന് ദു:ഖമുണ്ട്. ആദിവാസികളെ പുനരധിവസിപ്പിക്കാനും അവർക്ക് ആവശ്യമായ സഹായമെത്തിക്കാനും ജില്ലാ കളക്ടർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസികളോട് സർക്കാരിന് യാതൊരു പ്രതികാര മനോഭാവവുമില്ല. അവർക്കുവേണ്ടി എത്ര പണം മുടക്കാനും സർക്കാർ തയ്യാറാണ്. മുത്തങ്ങ സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ തീരുമാനത്തിനായി സർക്കാർ കാത്തിരിക്കുകയാണ്. ആറു ലക്ഷം കുട്ടികൾ എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകൾ എഴുതുന്ന സന്ദർഭത്തിൽ വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും ബുദ്ധിമുട്ടിലാക്കുന്ന തരത്തിലുള്ള സമര പരിപാടികൾ ഒഴിവാക്കേണ്ടതായിരുന്നു. ഈ പ്രശ്നത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ ദശലക്ഷക്കണക്കിന് കുട്ടികളുടെ ഭാവിവച്ച് പന്താടരുത്. നിയമസഭയേയും സംസ്ഥാനത്തേയും സ്തംഭിപ്പിക്കുന്ന നടപടികളിൽനിന്നും പ്രതിപക്ഷം പിന്മാറണം. ബഡ്ജറ്റിൻമേലുള്ള ചർച്ചയ്ക്ക് പ്രതിപക്ഷത്തിന്റെ സഹകരണം ആവശ്യമാണ്. പറയേണ്ട കാര്യങ്ങൾ ചർച്ചയിൽ പറയാം. വിദ്യാർത്ഥികളുടെ ഭാവിയെ അപകടപ്പെടുത്തുന്ന നിലയിലുള്ള സമരം അവസാനിപ്പിക്കണം. ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, ബിനോയ് വിശ്വം, സി.കെ.നാണു, ഡോ.കെ.സി. ജോസഫ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോയി. ശ്രീ.എ.എ. അസീസും പ്രസ്താവന നടത്തിയ ശേഷം സഭയിൽനിന്ന് പുറത്തുപോയി.)

## ശ്രദ്ധക്ഷണിക്കൽ

### ചവറ പ്രദേശത്തെ ധാതു സമ്പത്ത് ഉപയോഗിച്ച് പൊതുമേഖലയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

**ശ്രീ. ഷിബു ബേബിജോൺ**: കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനുതകുന്ന മേഖലയാണ് കരിമണൽ മേഖല. ചവറയിലും കന്യാകുമാരിയിലും മാത്രം കാണുന്ന കരിമണലിന്റെ ഉറവിടം സംബന്ധിച്ച് 110 വർഷം മുമ്പ് യൂറോപ്യൻ രാജ്യങ്ങൾ അന്വേഷണമാരംഭിച്ചതാണ്. 1910 മുതൽ മണവാളക്കുറിച്ചിയിൽ നിന്നും കരിമണൽ കയറ്റുമതി ആരംഭിച്ചു. അതിന് മുമ്പ് പായ്ക്കപ്പലുകൾ ബാലൻസ് നിലനിറുത്താനെന്ന വ്യാജേന ചാക്കിൽ കരിമണൽ കടത്തിക്കൊണ്ടുപോയിരുന്നു. അന്ന് ആരംഭിച്ച കള്ളക്കടത്ത് വിദേശികൾ മാത്രമാണ് ചൂഷണം ചെയ്തിരുന്നതെങ്കിൽ ഇന്ന് തമിഴ്നാട് അടക്കം പല സംസ്ഥാനങ്ങളും ഈ അപൂർവ്വ സമ്പത്ത് കടത്തിക്കൊണ്ടു പോകുന്നുണ്ട്. ഇതിന്റെ സാദ്ധ്യതകൾ അനന്തമാണ്. 1930-ലാണ് ടൈറ്റാനിയം വ്യവസായം വ്യാപകമായത്. അന്നുമുതൽ പരിശോധിച്ചാൽ ലോഹമണൽ ശേഖരത്തിൽ 38 ശതമാനവും കേരളത്തിലാണെന്നുകാണാം. ലോഹ വ്യവസായത്തിൽ ഏഴ് കമ്പനികൾ ചേർന്ന് 44 ലക്ഷം ടൺ ടൈറ്റാനിയം ഡയോക്സയിഡ് ഇവിടെ ഉല്പാദിപ്പിക്കുമ്പോൾ ഇൻഡ്യയിൽ മൊത്തത്തിൽ 22000 ടൺ മാത്രമേ ഉല്പാദിപ്പിക്കാൻ കഴിയുന്നുള്ളു.

ഏവിയേഷൻ, എയർ ക്രാഫ്റ്റ് അടക്കം പരിശോധിച്ചാൽ ടൈറ്റാനിയം മെറ്റലിന്റെ ആവശ്യകത വളരെ വലുതാണ്. ഇൽമനൈറ്റിന്റെ വാല്യൂ അഡീഷനെതിരെ ശബ്ദിക്കുന്ന പലരുമുണ്ട്. മൈനിംഗ് മേഖലയുടെ സാദ്ധ്യതയെക്കുറിച്ച് മനസ്സിലാക്കാൻ തയ്യാറാകണം. ഇരുപത് വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന കെ.എം.എം.എൽ., 3000 രൂപ വിലയ്ക്കുള്ള ഇൽമനൈറ്റ് എടുത്തിട്ട് 25000 രൂപ വില വരുന്ന സിലിക്കൻ തിരിച്ച് കടലിൽ കളയുന്ന കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിരുന്നത്.വാല്യൂ ആഡഡ് വ്യവസായം വളർത്താതെ സിന്തറ്റിക് ഉല്പന്നങ്ങളുണ്ടാക്കാനാണ് നാം ശ്രമിക്കുന്നത്. പ്രധാനമന്ത്രി ജിം–ൽ പ്രഖ്യാപിച്ച 1600 കോടി രൂപയുടെ പദ്ധതിയിൽപ്പോലും സിന്തറ്റിക് റൂട്ടൈൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതകളേയുള്ളു. ഗൾഫ് രാജ്യങ്ങളിൽ ഓയിൽ എന്നപോലെ ഇവിടെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കരിമണൽ. കായങ്കുളം പൊഴിക്ക് അപ്പുറത്ത് 5 ശതമാനം ഇൽമനൈറ്റ് ഡെപ്പോസിറ്റ് ഉള്ളിടത്താണ് ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാകും. അതിനാൽ ഇതിന്റെ ദുരൂഹതകൾ മാറ്റി മൈനിംഗിൽ പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിറുത്താനും ന്യായമായ വിലയ്ക്ക് ഇൽമനൈറ്റ് അടക്കമുള്ള മിനറൽസ് വാല്യൂ അഡീഷനുവേണ്ടി കൊടുക്കാനും തയ്യാറാകണം. ഐ.ആർ.ഇ–യിൽ നിന്നും കൊച്ചി വഴി പോകുന്ന വണ്ടികളിലും നീണ്ടകര പോർട്ടിൽ നിന്ന് രാത്രികാലങ്ങളിൽ പോകുന്ന വണ്ടികളിലും കരിമണൽ കടത്തിക്കൊണ്ടു പോകുന്നത് കർശനമായി തടയുന്നതിന് നിയമം ഭേദഗതി ചെയ്യണം. വാല്യൂ ആഡഡ് വ്യവസായങ്ങൾ കൊണ്ടു വരുന്നതിന് നടപടിയുണ്ടാകണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി):** ഗൾഫ് രാജ്യങ്ങളിൽ ഓയിൽ എന്നപോലെ നമുക്ക് പ്രകൃതി തന്ന സമ്പത്താണ് മിനറൽ ഡെപ്പോസിറ്റ് എന്നതിൽ സംശയമില്ല.

വ്യാവസായികാവശ്യങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങളും മിനറൽസും ലോകത്തിലുള്ള ടെക്നോളജിയും ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായി വരുന്നവർക്ക് അനുമതി കൊടുക്കാൻ കാലാകാലങ്ങളിലുള്ള നയംമൂലം സാധിക്കാതെ വരുന്നുണ്ട്. മിനറൽ ബേസ്ഡ് വ്യവസായത്തെ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കായങ്കുളം പൊഴിക്ക് അപ്പുറത്ത് ലൈസൻസ് കൊടുക്കുന്നത് സംബന്ധിച്ച് വാല്യൂ അഡീഷൻ പദ്ധതി വരുമ്പോൾ ആലോചിക്കാമെന്ന നിലയിലാണ് തീരുമാനിച്ചിട്ടുള്ളത്. സമയമാകുമ്പോൾ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രൊപ്പോസൽ ജിം-ൽ വയ്ക്കുന്നതിന് തയ്യാറാകും. സ്വകാര്യ മേഖല ഈ രംഗത്ത് കടന്നുവരേണ്ടത് ആവശ്യമാണ്. പൊതുമേഖലയെ മാത്രം ആശ്രയിച്ചാൽ പണവും പുതിയ ടെക്നോളജിയും കണ്ടെത്താൻ പ്രയാസമുണ്ടാകും. സ്വകാര്യമേഖലയ്ക്ക് പകുതി പങ്കാളിത്തമെങ്കിലും ഉണ്ടായാൽ മാത്രമേ വമ്പിച്ച ഡെപ്പോസിറ്റ് സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയൂ. ഇപ്പോൾ സംസ്ഥാനത്തെ ധാതുസമ്പത്ത് മുഴുവൻ കടലെടുത്തും മൽസ്യത്തൊഴിലാളികൾ ഭൂമി കയ്യേറിയും നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. അത് ഒഴിവാക്കാനാണ് ആലപ്പുഴ ജില്ലയിൽ ചെറിയ തോതിൽ നടക്കുന്ന വ്യവസായങ്ങളുൾക്കൊള്ളുന്ന പ്രൊപ്പോസൽസ് വന്നപ്പോൾ ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കാൻ തയ്യാറായത്. ആലപ്പുഴ ജില്ലയുടെ കടലോര മേഖലയിൽ 15 മുതൽ 20 ശതമാനംവരെ വിവിധതരം ധാതുക്കളുണ്ടെന്നാണ് റിപ്പോർട്ട്. പാരിസ്ഥിതിക പ്രശ്നങ്ങളൊന്നുമില്ലാത്ത തരത്തിൽ വലിയ മൈനിംഗൊന്നുമില്ലാതെ വാല്യു അഡീഷൻ പ്രൊപ്പോസൽ ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കണമെന്നുള്ള കാര്യം ഒരു പോളിസിയായിട്ട് സർക്കാർ എടുക്കുകയും അത് ക്ലിയർ ചെയ്തുകൊടുക്കുകയും ചെയ്തു. അതിന്റെ നടപടിക്രമങ്ങൾ നടക്കുകയാണ്. അത് പൂർത്തിയാകുന്നമുറയ്ക്ക് ആശങ്കകൾ ദൂരീകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ആലപ്പുഴ മേഖലയിൽ 26 ശതമാനംവരെ ഗവൺമെന്റിന് ഷെയറുള്ള ജോയിന്റ് സെക്ടർ പ്രോജക്ടായിട്ട്

കൊടുക്കാമെന്നുള്ള പോളിസിയാണ് ഗവൺമെന്റിനുള്ളത്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. ഇതിനായി ശാസ്ത്രജ്ഞർ അടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അവരുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അവസാന തീരുമാനം എടുക്കുന്നതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിക്ഷേപം വരുന്നതിനുമൊക്കെ അനുകൂലമായ ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കാൻവേണ്ടിയുള്ള നടപടിയും എടുക്കുന്നതാണ്. മൈനിംഗ് ആന്റ് മിനറൽസ് സെപ്പറേഷനുവേണ്ടി മൂന്നു തരത്തിലുള്ള പ്രൊപ്പോസലുകൾ ഉണ്ട്. ഇതു സംബന്ധിച്ച് വളരെ വൈകാതെതന്നെ അന്തിമ തീരുമാനമുണ്ടാകുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

## സബ്മിഷൻ

(1) <u>ഹൗസിംഗ് ബോർഡിൽനിന്നും വായ്പ എടുക്കുന്ന മലയോര കൃഷിക്കാർക്ക് പലിശ ഇളവ്</u>

**<u>ശ്രീ. ജോർജ് ജെ. മാത്യു</u>**: സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വ്യക്തികൾക്ക് ഭവന നിർമ്മാണത്തിനായി നൽകുന്ന വായ്പയ്ക്ക് 8% സർവ്വീസ് ചാർജ്ജും വായ്പാ തിരിച്ചടവിൽ മുടക്കം വന്നാൽ പിഴപ്പലിശയും ഈടാക്കുന്നത് ഒഴിവാക്കാനും, ബാങ്ക് പലിശ റേറ്റുകൾ കുറച്ചിരിക്കുന്ന സാഹചര്യത്തിൽ ബോർഡ് ഈടാക്കിയിരുന്ന ബ്ളേഡ് പലിശയിൽ മാറ്റം വരുത്താനും, കഴിഞ്ഞ കാലങ്ങളിൽ വായ്പകൾക്ക് ഈടാക്കിയിരുന്ന പിഴപ്പലിശ റദ്ദ് ചെയ്യാനും, ജപ്തി നടപടികൾക്ക് വിധേയരായവരെ രക്ഷിക്കാനും, മാർക്കറ്റിൽ നിലവിലുള്ള ന്യായമായ പലിശ ഭവന നിർമ്മാണ വായ്പകൾക്ക് ഏർപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി)** : സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഭവന നിർമ്മാണ വായ്പകൾക്ക് ബ്ലേഡ് പലിശ ഈടാക്കുന്നുവെന്നത് ശരിയല്ല. ''ഹഡ്കോ''യിൽനിന്ന് കൂടിയ പലിശയ്ക്ക് വായ്പയെടുത്താണ് ബെനിഫിഷ്യറീസിന് ബോർഡ് വായ്പ നൽകുന്നത്. ദുർബലജനവിഭാഗങ്ങളുടെ കാര്യത്തിൽ 13.5% പലിശയാണ് ഹഡ്കോ ഈടാക്കുന്നത്. പക്ഷെ അതിൽ 8.5% പലിശ സബ്സിഡി കഴിഞ്ഞ് 5% മാത്രമേ ഫലത്തിൽ ഈടാക്കുന്നുള്ളു. ലോ ഇൻകം, മിഡിൽ ഇൻകം, ഹയർ ഇൻകം ഗ്രൂപ്പുകൾക്ക് യഥാക്രമം 14.5%, 15.5%, 16.5% എന്നീ നിരക്കുകളിലാണ് ഹഡ്കോയിൽനിന്നും വായ്പ എടുക്കുന്നത്.. ഇത് ഉയർന്ന നിരക്കാണെങ്കിലും ഹൗസിംഗ് ബോർഡിന് ഇത് കുറവ് ചെയ്യാൻ കഴിയുകയില്ല. പലിശനിരക്ക് കുറയ്ക്കണമെന്ന് ഹൗസിംഗ് ബോർഡ് ഹഡ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ഹഡ്കോയുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഹഡ്കോയെ ക്കൊണ്ട് പലിശനിരക്ക് കുറയ്ക്കാനായുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കുറഞ്ഞ പലിശനിരക്കിൽ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ സമാഹരിച്ച് ഹഡ്കോയിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾ ഭവന നിർമ്മാണ ബോർഡ് അടച്ചുതീർത്തു കൊണ്ടിരിക്കുന്നു. ഹൗസിംഗ് ബോർഡിൽനിന്നും ആർ. ആർ നടപടികൾ വരുമ്പോൾ ഗവൺമെന്റിന് അപേക്ഷ സമർപ്പിക്കപ്പെടുന്ന അർഹമായ കേസുകളിൽ വായ്പ തവണകളുടെ സമയം ദീർഘിപ്പിച്ചു കൊടുക്കുന്നുവെന്നു മാത്രമല്ല, മാർച്ച് 31–നുമുൻപ് വായ്പത്തുക അടച്ചുതീർത്താൽ പിഴപ്പലിശയിൽ ഇളവും നൽകും.

(2) <u>ആലപ്പുഴയിലെ കനാലുകൾ പുനരുദ്ധരിക്കുന്നതിന് സമഗ്ര പദ്ധതി</u>

**<u>ശ്രീ. കെ.സി. വേണുഗോപാൽ</u>** : കേരളത്തിലെ ടൂറിസം വികസന രംഗത്ത് പ്രധാന പങ്ക് വഹിക്കുന്ന ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. സാംക്രമിക രോഗങ്ങളുടെ ഉല്പാദന കേന്ദ്രമായി ഈ

കനാലുകൾ മാറിയിരിക്കുന്നു. തിരുവനന്തപുരം നഗരത്തെ രക്ഷിക്കാൻവേണ്ടി സ്കീം തയ്യാറാക്കി ബഡ്ജറ്റിൽ തുക നീക്കിവച്ചതുപോലെ ആലപ്പുഴയിലെ കനാലുകളുടെ സ്ഥിതി മെച്ചപ്പെടുത്താനും ആലപ്പുഴ നഗരത്തെ രക്ഷിക്കാനും നടപടിയെടുക്കണം.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്)** ആലപ്പുഴയിലെ കനാലുകളുടെ പുനരുദ്ധാരണം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. പ്രധാനമായി അവിടെ നാലു കനാലുകളാണുള്ളത്. പോള നിറഞ്ഞതുകൊണ്ടും മാലിന്യങ്ങൾ നിക്ഷേപിക്ക പ്പെടുന്നതുകൊണ്ടും വെള്ളത്തിന്റെ ഒഴുക്ക് കുറഞ്ഞതാണ് ഈ കനാലുകളുടെ ശോചനീയാവസ്ഥയ്ക്കു കാരണം . 25.6.2001-ൽ ജില്ലയിലെ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു യോഗം വിളിച്ചുകൂട്ടി പോള നീക്കാൻ നടപടി സ്വീകരിച്ചു. അതുകൊണ്ട് ഉദ്ദേശിച്ച രീതിയിലുള്ള ഫലമുണ്ടാകാത്തതിനാൽ 20.12. 2002-ൽ ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി. ആലപ്പുഴയിലെ കനാലുകളുടെ ശുചീകരണത്തിനുവേണ്ടി 33 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി യിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിൽനിന്നും കുറച്ചു സഹായം ലഭ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരി ക്കുകയാണ്. ഇക്കാര്യത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(3) കശുവണ്ടി തൊഴിലാളിക്ഷേമനിധിബോർഡിൽനിന്ന് കുടിശ്ശിക നൽകൽ

**ശ്രീ. എഴുകോൺ നാരായണൻ**: കേരളത്തിലെ കശുവണ്ടി തൊഴിലാളികൾക്ക് പതിനൊന്ന് മാസക്കാലത്തെയും 1988 – നുമുൻപ് പിരിഞ്ഞുപോയവർക്ക് പതിനാറു മാസക്കാലത്തെയും പെൻഷൻ കുടിശ്ശികയുണ്ട്. 31.3.03 വരെയുള്ള കുടിശ്ശിക കൊടുത്തു തീർക്കാനും ഏപ്രിൽ ഒന്നു മുതൽ തുടർച്ചയായി പെൻഷൻ നൽകുന്നതിനും അടിയന്തിര നടപടിയുണ്ടാകണം.

**തൊഴിൽവകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):** കശുവണ്ടി തൊഴിലാളികളുടെ ക്ഷേമ പെൻഷൻ കുടിശ്ശികയുണ്ട്. കശുവണ്ടി തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പെൻഷൻ കുടിശ്ശികയുണ്ട്. ബോർഡിന് ഗവൺമെന്റ് വിഹിതം ലഭിക്കാൻ കാലതാമസം വന്നതാണ് പെൻഷൻ കുടിശ്ശിക വരാൻ കാരണം. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക എത്രയും വേഗം കൊടുത്തുതീർക്കുന്നതാണ്.

## ധനകാര്യം

### 2002-2003 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചയും വോട്ടെടുപ്പും

2002-2003 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിയും മന്ത്രിമാരും അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

**ശ്രീ. കെ. സി. വേണുഗോപാൽ**: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ കുറേ ദിവസങ്ങളായി ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയെ അവഹേളിച്ചുകൊണ്ട് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്ന സമരാഭാസങ്ങളുടെ നടുവിലാണ് ബഡ്ജറ്റും ഉപധനാഭ്യർത്ഥനകളും ചർച്ച ചെയ്യപ്പെടുന്നത്. കേരളത്തിന്റെ വികസനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട്, ജനങ്ങളുടെ പ്രതീക്ഷയ്ക്കനു സൃതമായി ഭരണം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് ഭരണമേറ്റെടുത്ത അന്നു മുതൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സംസ്ഥാനത്തിന് ഏൽപ്പിച്ച കനത്ത പ്രഹരത്തെ അതിജീവിക്കാനും കേരളത്തെ വികസനത്തിന്റെ പാതയിലേയ്ക്ക്

നയിക്കാനുമുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. നാടിന്റെ വിവിധ പ്രശ്നങ്ങൾ സഭയിൽ ചർച്ച ചെയ്യുന്നതിനു പകരം അക്രമാസക്തമായ നടപടികളുമായിട്ടാണ് പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയ്ക്ക് ശാശ്വതമായ പരിഹാരം കാണാൻ മാറി മാറി വന്ന ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടില്ല ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് നിരവധി വ്യവസായ സംരംഭകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞു. ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത ഒരു ഗവൺമെന്റായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്ക് ഭൂമി കൊടുക്കുന്ന കാര്യത്തിൽ ആദിവാസി നേതാക്കളുമായി ചർച്ച നടത്തുകയും ഭൂമി കൊടുക്കുമെന്നുള്ള ധാരണയിലെത്തുകയും ചെയ്തു. കേരളത്തിലാകെ കുഴപ്പമാണെന്ന ധാരണ അന്തർദേശീയ തലത്തിൽവരെ വരുത്താനുള്ള ശ്രമങ്ങളാണ് പ്രതിപക്ഷം നടത്തുന്നത്. അവർ ആദിവാസികളുടെ പേരിൽ നഗ്നമായ രാഷ്ട്രീയ സമരമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെ വികസനത്തിന്റെ പാതയിലേയ്ക്ക് നയിക്കാനുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. സമൂഹത്തിലെ സംഘടിതശേഷിയില്ലാത്തവരെ സഹായിക്കാൻ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് ഈ ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ പ്രശ്നമടക്കമുള്ള ആദിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള സമഗ്രമായ പദ്ധതികൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. പരംപരാഗത വ്യവസായ മേഖലയെ രക്ഷിക്കാൻ 500 കോടി രൂപയുടെ പാക്കേജ് പദ്ധതിക്ക് തുടക്കമിട്ടിരിക്കുകയാണ്. ഇത് വിപ്ളവകരമായ നേട്ടമായി കാണാവുന്നതാണ്. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരത്തിന് സ്റ്റെബിലിറ്റിയുണ്ടാക്കാൻ 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വികലാംഗ, വിധവാ പെൻഷനടക്കമുള്ളവയുടെ കുടിശ്ശിക

കൊടുത്തുതീർക്കാൻ 150 കോടി രൂപ നീക്കിവച്ചിരിക്കുകയാണ് .വിദ്യാഭ്യാസരംഗത്ത് അതിമഹത്തായ മുന്നേറ്റമാണുണ്ടായിട്ടുള്ളത്. കേരളത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും അനുവദിക്കാൻ കഴിഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന അവസരത്തിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗം അഴിമതിയുടെ കേന്ദ്രമായിരുന്നു. ഇന്ന് ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. ''വാറ്റ്'' –നെ സംബന്ധിച്ച ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. കേരളത്തിലെ കയർ ഉൽപ്പാദന രംഗം ഇന്ന് പ്രതിസന്ധിയിലാണ്. ചെറുകിട കയർ ഉൽപ്പാദക സംഘങ്ങൾക്ക് ടാക്സിൽ ചില ഇളവുകൾ നൽകണം. എം.എൽ.എ. ഫണ്ട് 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനെ അഭിനന്ദിക്കുന്നു. സ്ത്രീശാക്തീകരണ പദ്ധതി തുടങ്ങി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കണം.കേരളത്തിലെ യുവജനങ്ങൾ ഈ ബഡ്ജറ്റിനെ വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. അതിനനുസൃതമായി കേരളത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമയി മാറ്റിയെടുക്കണം.

**<u>ശ്രീ. ടി.പി.എം. സാഹിർ</u>** : ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ഈ ബഡ്ജറ്റ്മൂലം യാതൊരു വില വർദ്ധനവും ഉണ്ടാകുകയില്ല. കേരള സംസ്ഥാനം രൂപം കൊണ്ടശേഷം സാധാരണക്കാരന് ആനുകൂലമായി വന്നിട്ടുള്ള ആദ്യ ബഡ്ജറ്റാണിത്. കിൻഫ്രായ്ക്ക് നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ അത് 1000 കോടി രൂപയായി വർദ്ധിപ്പിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്ന 35 കോടി രുപ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കു മാത്രമേ തികയുകയുള്ളു. പുതിയ സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിനും പണിതുകൊണ്ടിരിക്കുന്നവ പൂർത്തീകരിക്കുന്നതിനും മതിയായ തുക അനുവദിക്കണം. കോഴിക്കോട് മണ്ഡലത്തിൽ 60 ലക്ഷം രൂപ എസ്റ്റിമേറ്റിൽ

പണിതുകൊണ്ടിരിക്കുന്ന സ്കൂൾ കെട്ടിടം പൂർത്തിയാക്കുന്നതിന് 20 ലക്ഷം രൂപകൂടി അനുവദിക്കണം. സർക്കാർ കെട്ടിടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതോടെ നിർത്തലാക്കിയ പബ്ലിക് വർക്ക്സ് .ഡിവിഷനു പകരം സംവിധാനം ഏർപ്പെടുത്തണം.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയിരുന്ന പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കികൊണ്ട് സഭയുടെ നടുത്തളത്തിലേയ്ക്ക് ഓടിക്കയറുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

ഉച്ചയ്ക്കുശേഷം 12.30–ന് വീണ്ടും കൂടുന്നതിനായി സഭ 12.07–ന് നിർത്തിവച്ചു.

(ഉച്ചയ്ക്കുശേഷം 12.30–ന് നിയമസഭ വീണ്ടും സമ്മേളിച്ചപ്പോഴും പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ തുടർന്ന് ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ഉണ്ടായില്ല.)

ഉപധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയു ചെയ്തു..

സഭ ഉച്ചയ്ക്കുശേഷം 12.40–ന് പിരിഞ്ഞു.

..................